"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- എസ്.എസ്.എൽ.സി/ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി - ഗ്രേസ് മാർക്ക് - പരിഷ്‌കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.65/2026/GEDN തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 03.04.2025 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2450/2025/പൊവിവ
2. 20.09.2024 ലെ സർക്കാർ ഉത്തരവ് (കൈ) നം.118/2024/പൊവിവ
3. 23.08.2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 146/2025/പൊവിവ
4. 02.08.2025 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5075/2025/പൊവിവ
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.02.2026 ലെ വൈ (1)/23504/2025/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരാമർശം (2), (3) പ്രകാരം പരിഷ്‌കരിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രോത്സവത്തിന്റെ ഭാഗമായിരുന്ന ശാസ്ത്രമാഗസിൻ മത്സരം ശാസ്ത്രോത്സവത്തിൽ നിന്നും വേർതിരിച്ച്, തത്സമയ മത്സരമായി ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല ശാസ്ത്രമാഗസിൻ മത്സരത്തിനും, കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ഭാഗമായിരുന്ന വൊക്കേഷണൽ എക്സ്പോ എന്നത് പരാമർശം (2) പ്രകാരം കേരള സ്കൂൾ നൈപുണ്യ മേള (സ്കിൽ ഫെസ്റ്റിവൽ) എന്ന് പുനഃനാമകരണം ചെയ്ത്, അതിൽ തത്സമയ മത്സരങ്ങളായ 19 ഇനങ്ങൾ ഉൾപ്പെടുത്തിയതിനും കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, താഴെ പറയും പ്രകാരം എസ്.എസ്.എൽ.സി/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഗ്രേസ് മാർക്ക് പരിഷ്‌കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | ഗ്രേസ് മാർക്ക് |
|---|---|---|
| 1 | കേരള സ്കൂൾ കലോത്സവം<br>കേരള സ്കൂൾ ശാസ്ത്രോത്സവം<br>സംസ്ഥാനതല ശാസ്ത്ര സെമിനാർ<br>സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ മത്സരം<br>സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ<br>സംസ്ഥാനതല വാർത്താവായന മത്സരം<br>സംസ്ഥാനതല ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ<br>സംസ്ഥാനതല സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ<br>സംസ്ഥാനതല ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ<br>സംസ്ഥാനതല ശാസ്ത്രമാഗസിൻ മത്സരം | എ ഗ്രേഡ് - 20<br>ബി ഗ്രേഡ് - 15<br>സി ഗ്രേഡ് - 10<br><br>1, 2, 3 സ്ഥാനം നിശ്ചയിച്ചു നൽകുന്ന ഇനങ്ങൾക്ക് 20, 17, 14 മാർക്കുകൾ വീതം നൽകുന്നു. |
| 2 | കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ<br>(19 തൽസമയ ഇനങ്ങൾക്ക് മാത്രം) | എ ഗ്രേഡ് - 20<br>ബി ഗ്രേഡ് - 15<br>സി ഗ്രേഡ് - 10 |
| 3 | സ്പെഷ്യൽ സ്കൂൾ കലോത്സവം | എ ഗ്രേഡ് - 25<br>ബി ഗ്രേഡ് - 20<br>സി ഗ്രേഡ് - 15 |
| 4 | ജൂനിയർ റെഡ് ക്രോസ് | 10 മാർക്ക് |
| 5 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് | 20 മാർക്ക് |
| 6 | സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ് | എ ഗ്രേഡ് - 20<br>ബി ഗ്രേഡ് - 15<br>സി ഗ്രേഡ് - 10 |
| 7 | ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്<br>(ദേശീയ തലത്തിൽ പങ്കെടുത്തവർക്ക്) | 25 മാർക്ക് |
| 8 | <u>സ്കൗട്ട് & ഗൈഡ്സ്</u><br><u>ഹയർ സെക്കന്ററി വിഭാഗം</u> | |
| | 80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം | 25 മാർക്ക് |
| | രാജ്യപുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ് | 40 മാർക്ക് |
| | രാഷ്ട്രപതി അവാർഡ് വിജയികൾക്ക് | 50 മാർക്ക് |
| | <u>സ്കൗട്ട് & ഗൈഡ്സ്</u><br><u>ഹൈസ്കൂൾ വിഭാഗം</u> | |

| | | |
|---|---|---|
| | 80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം | 18 മാർക്ക് |
| | രാജ്യപുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ് | 20 മാർക്ക് |
| | രാഷ്ട്രപതി അവാർഡ് വിജയികൾക്ക് | 25 മാർക്ക് |
| 9 | **എൻ എസ് എസ്** | |
| | റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുത്ത എൻ എസ് എസ് വോളന്റിയേഴ്സ് | 40 മാർക്ക് |
| | ദേശീയ തലത്തിൽ ക്യാമ്പുകളിൽ പങ്കെടുത്ത എൻ എസ് എസ് വോളന്റിയേഴ്സ് | 25 മാർക്ക് |
| | എൻ എസ് എസ് സർട്ടിഫിക്കറ്റ് ഉള്ള എൻ എസ് എസ് വോളന്റിയേഴ്സ് | 20 മാർക്ക് |
| 10 | ലിറ്റിൽ കൈറ്റ്സ് | 15 മാർക്ക് |
| 11 | ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ) | 25 മാർക്ക് |
| 12 | ബാലശ്രീ അവാർഡ് വിജയികൾക്ക് | 15 മാർക്ക് |
| 13 | **കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ ക്വിസ് കോമ്പറ്റീഷൻ** | |
| | ഫസ്റ്റ് വിന്നർ ടീം | 5 മാർക്ക് |
| | സെക്കന്റ് വിന്നർ ടീം | 3 മാർക്ക് |
| 14 | **സർഗ്ഗോത്സവം** | |
| | എ ഗ്രേഡ് | 15 മാർക്ക് |
| | ബി ഗ്രേഡ് | 10 മാർക്ക് |
| 15 | സതേൺ ഇന്ത്യ സയൻസ് ഫെയർ (ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക്) | 22 മാർക്ക് |
| 16 | **എൻ സി സി**<br>. റിപ്പബ്ലിക് ഡേ പരേഡ് ക്യാമ്പ് (ആർ.ഡി.സി)<br>താൽ സൈനിക് ക്യാമ്പ് (റ്റി.എസ്.ഇ)<br>. ഓൾ ഇന്ത്യാ നൗസൈനിക് ക്യാമ്പ് (എ.ഐ.എൻ.എസ്.ഇ)<br>. ഓൾ ഇന്ത്യാ വായൂ സൈനിക് ക്യാമ്പ് (എ.ഐ.വി.എസ്.ഇ)<br>എസ്.പി.എൽ. എൻ.ഐ.സി<br>യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (വൈ.ഇ.പി)<br>(റിമാർക്സ്:- സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 2 മുതൽ 3 മാസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നു. മറ്റ് സാമൂഹ്യ സേവന | 40 മാർക്ക് |

| | | |
|---|---|---|
| | പരിപാടികളിലും എൻ.സി.സി. പരിപാടികളിലും ഈ കട്ടികൾ പങ്കെടുക്കണം) | |
| | നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് എൻ.ഐ.സി<br>ഏക് ഭാരത് ശ്രേഷ്ഠതാ ഭാരത് (ഇ.ബി.എസ്.ബി)<br>. റോക്ക് ക്ലൈംബിംഗ് ട്രെയിനിംഗ് ക്യാമ്പ് (ആർ.സി.റ്റി.സി)<br>അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ് (എ.എൽ.സി)<br>ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (ബി.എൽ.സി)<br>. ട്രക്കിംഗ് പ്രീ - ആർ.ഡി.സി അറ്റാച്ച്മെന്റ് ക്യാമ്പ്<br>. പ്രീ റ്റി.എസ്.സി<br>. പ്രീ-എൻ.എസ്.സി<br>. പ്രീ-വി.എസ്.സി.ഐ ജി.സി.<br>ബേസിക് പാരാ കോഴ്സ്<br>സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകൾ<br>(റിമാർക്സ്:- സെലക്ഷൻ പ്രക്രിയയിലും തുടർന്നു പരിശീലനത്തിനും 10 മുതൽ 30 ദിവസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നതാണ്. സർക്കാരിൻ്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും. എൻ.സി.സി. പരിപാടികളിലും ഈ കട്ടികൾ പങ്കെടുക്കണം) | 30 മാർക്ക് |
| | . 75 ശതമാനമോ അതിൽ കൂടുതലോ പരേഡ് അറ്റൻഡൻസ്<br>(റിമാർക്സ്:- സ്കൂൾ/കോളേജുകളിൽ ശനിയാഴ്ച നടത്തുന്ന പരേഡിൽ പങ്കെടുത്തിരിക്കണം. സർക്കാരിൻ്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും, എൻ.സി.സി. പരിപാടികളിലും ഈ കട്ടികൾ പങ്കെടുക്കണം.) | 20 മാർക്ക് |
| 17 | <u>സ്കൂൾ സോഷ്യൽ സർവീസ് സ്കീം</u> | |
| | എ ഗ്രേഡ് | 25 മാർക്ക് |
| | ബി ഗ്രേഡ് | 15 മാർക്ക് |
| | സി ഗ്രേഡ് | 10 മാർക്ക് |
| 18 | വൈ.ഐ.പി ശാസ്ത്രപഥം സംസ്ഥാന തല വിജയികൾ<br>(പരാമർശം 4 ഉത്തരവിന്റെ അടിസ്ഥാനത്തിൽ) | 10 മാർക്ക് |
| | | |

| | | |
|---|---|---|
| 19 | **സ്പോർട്സ്**<br>**അന്തർദേശീയ മത്സരങ്ങൾ**<br>(പൊതുവിദ്യാഭ്യാസ വകുപ്പ്/സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ മുഖേന പങ്കെടുക്കുന്ന ഇനങ്ങൾക്ക്) | |
| | ഒന്നാം സ്ഥാനം | 100 മാർക്ക് |
| | രണ്ടാം സ്ഥാനം | 90 മാർക്ക് |
| | മൂന്നാം സ്ഥാനം | 80 മാർക്ക് |
| | അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് | 75 മാർക്ക് |
| | **ദേശീയ മത്സരങ്ങൾ**<br>(പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ മുഖേന പങ്കെടുക്കുന്ന ഇനങ്ങൾക്ക്) | |
| | ഒന്നാം സ്ഥാനം | 50 മാർക്ക് |
| | രണ്ടാം സ്ഥാനം | 45 മാർക്ക് |
| | മൂന്നാം സ്ഥാനം | 40 മാർക്ക് |
| | ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് | 35 മാർക്ക് |
| | **പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കായിക മത്സരങ്ങൾക്ക്** | |
| | ഒന്നാം സ്ഥാനം | 20 മാർക്ക് |
| | രണ്ടാം സ്ഥാനം | 17 മാർക്ക് |
| | മൂന്നാം സ്ഥാനം | 14 മാർക്ക് |
| | നാലാം സ്ഥാനം | 10 മാർക്ക് |
| | അഞ്ചാം സ്ഥാനം | 8 മാർക്ക് |
| | ആറാം സ്ഥാനം | 6 മാർക്ക് |
| | ഏഴാം സ്ഥാനം | 4 മാർക്ക് |
| | എട്ടാം സ്ഥാനം | 2 മാർക്ക് |
| | **സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന കായിക മത്സരങ്ങൾക്ക്** | |
| | ഒന്നാം സ്ഥാനം | 20 മാർക്ക് |
| | രണ്ടാം സ്ഥാനം | 17 മാർക്ക് |
| | മൂന്നാം സ്ഥാനം | 14 മാർക്ക് |
| | | |

| | | |
|---|---|---|
| | നാലാം സ്ഥാനം | 10 മാർക്ക് |

**<u>വ്യവസ്ഥകൾ</u>**

**1.** എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലോ ശാസ്ത്രോത്സവത്തിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കണമെന്നില്ല. പകരം റവന്യൂ ജില്ലാ മത്സരത്തിൽ അതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

**2.** എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സ്പോർട്സിന് ലഭിച്ച സംസ്ഥാന മെറിറ്റ് ദേശീയ മെറിറ്റ്/പാർട്ടിസിപ്പേഷൻ/അന്തർദേശീയ മെറിറ്റ്/പാർട്ടിസിപ്പേഷൻ എന്നി സർട്ടിഫിക്കറ്റുകൾക്ക് പത്താം ക്ലാസിലെ പരിക്ഷയ്ക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു.

എ) എട്ടാം ക്ലാസിലെ സർട്ടിഫിക്കറ്റ് മുഖേനയാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കുന്നതെങ്കിൽ ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലേതെങ്കിലും പങ്കെടുത്ത സർട്ടിഫിക്കറ്റ് (അംഗീകൃത) അതോടൊപ്പം ഹാജരാക്കേണ്ടതാണ്.

ബി) ഒമ്പതാം ക്ലാസിലെ സർട്ടിഫിക്കറ്റ് മുഖേനയാണ് ഗ്രേസ് മാർക്കിനായി അപേക്ഷിക്കുന്നതെങ്കിൽ പത്താം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്ത സർട്ടിഫിക്കറ്റ് (അംഗീകൃത) അതോടൊപ്പം ഹാജരാക്കേണ്ടതാണ്.

**3.** ഗ്രേസ് മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ് മാർക്ക് (ബോണസ് മാർക്ക്) നൽകുന്നതല്ല.

**4 .** വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏതിനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ അനുവദിക്കുകയുള്ളു.

ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കൻ്ററി പരീക്ഷാ ഗ്രേസ് മാർക്ക് **18/01/2022** ലെ സ.ഉ.(സാധാ) നമ്പർ **394/2022**/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

**<u>സ്പോർട്സ് വിഭാഗത്തിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നതിനായുള്ള വ്യവസ്ഥകൾ</u>**

**1 .** <u>പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച സ്പോർട്സ് മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

**1.** പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ് സർട്ടിഫിക്കറ്റുകൾ, **SGFI (School Games Federation of India)** നടത്തുന്ന ദേശീയ മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ് / പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ, **SGFI** മുഖാന്തിരം സംഘടിപ്പിക്കപ്പെടുന്ന അന്തർദേശീയ മത്സരങ്ങൾക്കു ലഭിക്കുന്ന മെറിറ്റ്/പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകളാണ്

ഗ്രേസ് മാർക്കിനായി പരിഗണിക്കുന്നത്.

**2.** എട്ടാം ക്ലാസിലും ഒൻപതാം ക്ലാസിലും പഠിക്കുമ്പോൾ സ്പോർട്സിന് ലഭിച്ച സംസ്ഥാന മെറിറ്റ്/ ദേശീയ മെറിറ്റ്/ അന്തർദേശീയ മെറിറ്റ് / പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി പത്താം ക്ലാസിലെ ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതാണ്.

**a)** ഖണ്ഡിക **1 (1)** ൽ പരാമർശിച്ച സ്പോർട്സ് യോഗ്യത സർട്ടിഫിക്കറ്റുകളുടെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

**b)** എട്ടാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ ഒൻപതാം ക്ലാസിലും, പത്താം ക്ലാസിലും പഠിക്കുമ്പോൾ കറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റുകളുടെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**C)** ഒൻപതാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ പത്താം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റിന്റെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**3** . <u>**2025** ജൂൺ **01** മുതൽ **2026** മെയ് **31** വരെ നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.</u>

<u>**II. സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**</u>

**1.** കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളുടെ മത്സര ഇനമായിരിക്കണം.

**2.** എട്ടാം ക്ലാസിലും, ഒൻപതാം ക്ലാസിലും പഠിക്കുമ്പോൾ ലഭിച്ച സംസ്ഥാന മെറിറ്റ് / ദേശീയ മെറിറ്റ് / പാർട്ടിസിപ്പേഷൻ, അന്തർദേശീയ മെറിറ്റ് / പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി പത്താം ക്ലാസിലെ ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതാണ്.

**a)** എട്ടാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർ പ്പിച്ചിട്ടുള്ളതെങ്കിൽ ഒൻപതാം ക്ലാസിലും, പത്താം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**b)** ഒൻപതാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർ പ്പിച്ചിട്ടുള്ളതെങ്കിൽ പത്താം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റിൻ്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**3. 2025** ജൂൺ **01** മുതൽ **2026** മെയ് **31** വരെ നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.

4. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന അക്വാട്ടിക്സ്, അത്‌ലറ്റിക്സ്, ഗെയിംസ് മത്സര ഇനങ്ങളിൽ പങ്കെടുത്ത് അന്തർദേശീയ, ദേശീയ മത്സരങ്ങൾക്ക് ലഭിച്ച മെറിറ്റ് / പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകളും സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3, 4 സ്ഥാനങ്ങൾ ലഭിച്ച മത്സരാർത്ഥികൾക്കുമാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. എന്നാൽ **ഫെഡറേഷനുകൾ നടത്തുന്ന സൗത്ത് സോൺ /ഫെഡറേഷൻ കപ്പ് എന്നീ മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.**

5. ഖണ്ഡിക II (4) പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ /ഫെഡറേഷനുകൾ സംസ്ഥാന / ദേശീയ / അന്തർദേശീയ തലത്തിൽ നടത്തുന്ന സ്പോർട്സ് / ഗെയിംസ് ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി, മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതായിരിക്കണം. ഇപ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി പരിശോധിച്ച് അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മാത്രമേ ഗ്രേസ് മാർക്കിനായി പരിഗണിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം
ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
ഐ ആന്റ് പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ushakumari A
Date: 12-03-2026 14:20:32
സെക്ഷൻ ഓഫീസർ